LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം പ്രതിരോധിക്കുന്നതിനായി പ്രൊഫഷണൽ കോളേജ് ക്യാമ്പസ്സിനുള്ളിൽ " നേർക്കൂട്ടം" എന്ന പേരിലും, കോളേജ് ഹോസ്റ്റലുകളിൽ " ശ്രദ്ധ" എന്ന പേരിലും കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ലഹരിയുടെ ഉപയോഗത്തിനെതിരെ പൊതുജനങ്ങൾക്ക് ബോധവത്ക്കരണം നൽകുന്നതിന് നവമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങളിലൂടെ എന്തെല്ലാം സന്ദേശ പ്രചരണ പരിപാടികളാണ് സംഘടിപ്പിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ലഹരിയുടെ ഉപയോഗത്തിനെതിരെ പൊതുജനങ്ങൾക്ക് ശരിയായ അവബോധം നൽകുന്നതിനായി ഷോർട്ട് ഫിലിം, സംവാദം, പ്രഭാഷണം തുടങ്ങിയ പരിപാടികൾ തയ്യാറാക്കി വിക്ടേഴ്സ് ചാനൽ വഴിയും, നവ മാധ്യമങ്ങൾ വഴിയും പ്രചരിപ്പിച്ചുവരുന്നു. ലഹരിക്കെതിരെ ശരിയായ അവബോധം നൽകുന്നതിന് പ്രശസ്തരായ സൈക്കോളജിസ്റ്റുകൾ, സൈക്യാട്രിസ്റ്റുകൾ, മറ്റ് പ്രമുഖ വ്യക്തികൾ എന്നിവരുടെ ചെറു വീഡിയോകൾ തയ്യാറാക്കി ഫെയ്സ് ബുക്ക്, വാട്ട്സ് ആപ്പ് മുതലായ നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും, കാലിക പ്രസക്തിയുള്ള വിവിധ വിഷയങ്ങളിൽ രക്ഷകർത്താക്കൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, വിഷയ വിദഗ്ധർ, കലാ സാഹിത്യ രംഗത്തെ പ്രമുഖർ എന്നിവരെ ഉൾപ്പെടുത്തി എല്ലാ മാസവും വെബിനാറുകൾ നടത്തുകയും, വിവിധ ഓൺലൈൻ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

കോവിഡാനന്തര ചികിത്സകൾ

29 (*449) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ അനന്തര ഫലങ്ങളെക്കുറിച്ച് പഠിക്കുവാനും നിരീക്ഷിക്കുവാനും ആരോഗ്യവകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കോവിഡ് രോഗ മുക്തരായ നിരവധി ആളുകളിൽ കോവിഡാനന്തര ആരോഗ്യ പ്രശ്നങ്ങൾ പ്രത്യക്ഷപ്പെടുന്നതായി ജില്ലകളിൽ നിന്നുള്ള കണക്കുകൾ സൂചിപ്പിക്കുന്നു. ഈ രോഗങ്ങളെ നിരീക്ഷിക്കുവാനും രോഗബാധിതർക്ക് കൃത്യമായ ചികിത്സ നൽകുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ആരംഭിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രം

മുതൽ മെഡിക്കൽ കോളേജ് വരെ സജ്ജീകരിച്ചിട്ടുള്ള ഈ ക്ലിനിക്കുകളിലൂടെ ആയിരക്കണക്കിന് രോഗികൾക്ക് ചികിത്സ നൽകിവരുന്നു. ആരോഗ്യ വകുപ്പിന് കീഴിൽ 1185 പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലായി പ്രവർത്തിച്ചുവരുന്നു. നാളിതുവരെ രണ്ടരലക്ഷത്തോളം ജനങ്ങൾ വിവിധ രോഗലക്ഷണങ്ങളുമായി ഈ ക്ലിനിക്കുകൾ സന്ദർശിച്ചിട്ടുണ്ട്. ഇതിനായുള്ള പരിശീലനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും വിദഗ്ദ്ധരുടെ സഹായത്തോടുകൂടി നൽകിവരുന്നു.

(ബി) കോവിഡാനന്തര ചികിത്സാ രീതികൾ പ്രതിപാദിക്കുന്ന മാർഗ്ഗരേഖകൾ വൈദ്യശാസ്ത്രത്തിന്റെ വിവിധ വിഭാഗങ്ങൾക്ക് അനുസൃതമായി തയ്യാറാക്കുവാൻ ഒരു റിസർച്ച് സെൽ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

കോവിഡാനന്തര ആരോഗ്യ പ്രശ്നങ്ങൾ നിരീക്ഷിക്കുന്നതും അവലോകനം ചെയ്യുന്നതും സംസ്ഥാന ആരോഗ്യവകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ആർ.ആർ.ടി. (Rapid Response Team) സെല്ലാണ്. ഇപ്പോഴത്തെ പരിമിതമായ സാഹചര്യങ്ങളിൽ രോഗനിരീക്ഷണവും ചികിത്സയും വിവരശേഖരണവും മാത്രമാണ് ആരോഗ്യവകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് ഗവേഷണോന്മുഖമായി ഒരു ശാസ്ത്രീയ സമിതിയുടെ രൂപത്തിൽ വിവിധ രോഗങ്ങളെ കുറിച്ചുള്ള പഠനങ്ങൾ ഉൾപ്പെടുത്തികൊണ്ട് വിപുലീകരിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

(സി) ശ്വാസകോശ പ്രശ്നങ്ങൾ, നാഡീരോഗങ്ങൾ, ഫംഗസ് രോഗങ്ങൾ എന്നിവയുടെ വ്യാപനം നിയന്ത്രിക്കുന്നതിന് ഊന്നൽ കൊടുത്തുള്ള പ്രത്യേക പഠനം നടത്തുവാൻ നിർദ്ദേശം നൽകുമോ?

കോവിഡാനന്തര ആരോഗ്യ പ്രശ്നങ്ങൾ നിരീക്ഷിക്കുന്നതും അവലോകനം ചെയ്യുന്നതും സംസ്ഥാന ആരോഗ്യവകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ആർ.ആർ.ടി. (Rapid Response Team) സെല്ലാണ്. ഇപ്പോഴത്തെ പരിമിതമായ സാഹചര്യങ്ങളിൽ രോഗനിരീക്ഷണവും ചികിത്സയും വിവരശേഖരണവും മാത്രമാണ് ആരോഗ്യവകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് ഗവേഷണോന്മുഖമായി ഒരു ശാസ്ത്രീയ സമിതിയുടെ രൂപത്തിൽ വിവിധ രോഗങ്ങളെ കുറിച്ചുള്ള പഠനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വിപുലീകരിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly